**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1665** **11-10-2024 - ൽ മറുപടിയ്ക്ക്**

**കോളേജ് വിദ്യാഭ്യാസ വകുപ്പ് കോവിഡ് കാലത്ത് നടത്തിയ ഗവേഷണ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പി4/29092/2019/കോളേ.ഇഡിഎൻ. എന്ന ഉത്തരവിൻ പ്രകാരം കോളേജ് വിദ്യാർത്ഥികൾക്കിടയിൽ 'കോവിഡ് - 19 കാലഘട്ടം കേരളത്തിലെ കോളേജ് വിദ്യാർത്ഥികളുടെ അക്കാദമികവും മനോസാമൂഹികവുമായ അവസ്ഥ' എന്ന പേരിൽ നടത്തിയ ഗവേഷണ പഠനം എത്തിക്സ് കമ്മിറ്റിയുടെ അനുമതി ഇല്ലാതെ നടപ്പിലാക്കിയതിന്റെ കാരണം അറിയിക്കാമോ; | (എ) | കോവിഡ്-19 വ്യാപനത്തിന്റെ ഫലമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ സമാന്തരസംവിധാനം എന്ന നിലയിൽ ആരംഭിച്ച ഓൺലൈൻ പഠനത്തിന്റെയും ഡിജിറ്റൽ ക്ലാസുകളുടെയും പ്രാപ്യത, പ്രയോജനം, അത് വിദ്യാർത്ഥികളിലും അധ്യാപകരിലും ഉണ്ടാക്കിയ സാമൂഹിക, സാമ്പത്തിക, മാനസിക സ്വാധീനം എന്നിവ സംബന്ധിച്ച് നടത്തിയതാണ് സൂചിതമായ പഠനം. ഇത് ഒരു ഗവേഷണം ആയിരുന്നില്ല. ഗവേഷകരോ ഫണ്ടോ പ്രോജക്ടോ ഇതിൽ ഉണ്ടായിരുന്നില്ല. സർക്കാരിന് സാമ്പത്തിക ബാധ്യതകൾ വരുത്താതെ നടത്തിയ ഒരു ഓൺലൈൻ സർവേ അധിഷ്ഠിത പ്രാഥമിക വസ്തുതാ പഠനം ആയിരുന്നു. അത്തരമൊരു സർവ്വേ ഓൺലൈൻ ആയി നടത്തുമ്പോൾ സാധ്യമായ ഇൻഫോംഡ് കൺസെന്റ്, വോളൻററി പങ്കാളിത്തം, സ്വകാര്യത തുടങ്ങിയ എല്ലാ എത്തിക്കൽ മുൻകരുതലുകളും ഈ പഠനത്തിൽ പാലിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിലെ പഠനോപകരണങ്ങളുടെ ലഭ്യത, അവരുടെ ഓൺലൈൻ പഠനാനുഭവം, വിദ്യാർത്ഥികൾ അനുഭവിച്ച മാനസിക ബുദ്ധിമുട്ടുകൾ, അവരുടെ സഹായം തേടാനുള്ള സന്നദ്ധത തുടങ്ങി അടിയന്തരശ്രദ്ധ വേണ്ടതായ വിഷയങ്ങൾ ഈ പഠനം വെളിച്ചത്തു കൊണ്ടു വന്നിരുന്നു. അതിന്റെ കൂടി അടിസ്ഥാനത്തിൽ കോളേജ് വിദ്യാർഥികൾക്കു വേണ്ടി നടപ്പിലാക്കുന്ന മാനസികാരോഗ്യ പരിപാടി വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. പഠനത്തിന്റെ നടപ്പിനെ സംബന്ധിച്ച് പരാതി ഉയർന്നപ്പോൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥരോട് വിശദീകരണം തേടുകയും തൃപ്തികരമായ മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ പഠനം നടത്തുന്നതിന് എത്തിക്സ് കമ്മിറ്റിയുടെ അനുവാദം കർശനമായി വേണമെന്ന് കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശം നിലവിലിരിക്കെ ചട്ട | (ബി) | കോവിഡ്-19 വ്യാപനത്തിന്റെ ഫലമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ സമാന്തരസംവിധാനം എന്ന |

| | | | |
|---|---|---|---|
| | വിരുദ്ധമായി ഗവേഷണ പഠനം നടത്തിയതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | | നിലയിൽ ആരംഭിച്ച ഓൺലൈൻ പഠനത്തിന്റെയും ഡിജിറ്റൽ ക്ലാസുകളുടെയും പ്രാപ്യത, പ്രയോജനം, അത് വിദ്യാർത്ഥികളിലും അധ്യാപകരിലും ഉണ്ടാക്കിയ സാമൂഹിക, സാമ്പത്തിക, മാനസിക സ്വാധീനം എന്നിവ സംബന്ധിച്ച് നടത്തിയതാണ് സൂചിതമായ പഠനം. ഇത് ഒരു ഗവേഷണം ആയിരുന്നില്ല. ഗവേഷകരോ ഫണ്ടോ പ്രോജക്ടോ ഇതിൽ ഉണ്ടായിരുന്നില്ല. സർക്കാരിന് സാമ്പത്തിക ബാധ്യതകൾ വരുത്താതെ നടത്തിയ ഒരു ഓൺലൈൻ സർവേ അധിഷ്ഠിത പ്രാഥമിക വസ്തുതാ പഠനം ആയിരുന്നു. അത്തരമൊരു സർവ്വേ ഓൺലൈൻ ആയി നടത്തുമ്പോൾ സാധ്യമായ ഇൻഫോംഡ് കൺസെന്റ്, വോളൻററി പങ്കാളിത്തം, സ്വകാര്യത തുടങ്ങിയ എല്ലാ എത്തിക്കൽ മുൻകരുതലുകളും ഈ പഠനത്തിൽ പാലിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിലെ പഠനോപകരണങ്ങളുടെ ലഭ്യത, അവരുടെ ഓൺലൈൻ പഠനാനുഭവം, വിദ്യാർത്ഥികൾ അനുഭവിച്ച മാനസിക ബുദ്ധിമുട്ടുകൾ, അവരുടെ സഹായം തേടാനുള്ള സന്നദ്ധത തുടങ്ങി അടിയന്തരശ്രദ്ധ വേണ്ടതായ വിഷയങ്ങൾ ഈ പഠനം വെളിച്ചത്തു കൊണ്ടു വന്നിരുന്നു. അതിന്റെ കൂടി അടിസ്ഥാനത്തിൽ കോളേജ് വിദ്യാർഥികൾക്കു വേണ്ടി നടപ്പിലാക്കുന്ന മാനസികാരോഗ്യ പരിപാടി വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. പഠനത്തിന്റെ നടപ്പിനെ സംബന്ധിച്ച് പരാതി ഉയർന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും തൃപ്തികരമായ മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ